**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്ത് ബോധന സമ്പ്രദായത്തിൽ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് സമഗ്ര മുന്നേറ്റം ലക്ഷ്യമിടുന്ന പശ്ചാത്തലത്തിൽ നിലവിലെ ബോധന സമ്പ്രദായത്തിൽ നവീകരണം ആവശ്യമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്ര മുന്നേറ്റം ലക്ഷ്യമിടുന്ന പശ്ചാത്തലത്തിൽ നിലവിലെ ബോധന സമ്പ്രദായത്തിൽ നവീകരണം നടത്തുന്നതിനായി Outcome Based Education നം ഗ്രാജുവേറ്റ് attribute കൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.<br><br>**ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകളും (GA):-** ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഇവയുടെ അടിസ്ഥാനത്തിൽ കോഴ്സുകൾ, പ്രോഗ്രാമുകൾ, പഠനം-പരീക്ഷാ- മൂല്യനിർണ്ണയം എന്നീ വിവിധ തലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ സർവ്വകലാശാലകൾക്ക് ശുപാർശ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഡോ. എൻ.ജെ. റാവു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ ശുപാർശകൾ സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. OBE യുമായി ബന്ധപ്പെട്ട പരിശീല പരിപാടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും മറ്റ് അദ്ധ്യാപകർക്കും നൽകി കഴിഞ്ഞു. |
| (ബി) | സർക്കാർ കോളേജുകളിൽ ആവശ്യത്തിന് | (ബി) | സർക്കാർ കോളേജുകളിൽ ആവശ്യത്തിന് |

| | | | |
|---|---|---|---|
| | അദ്ധ്യാപകരെ നിയമിക്കുന്നതിന് അദ്ധ്യാപക നിയമനത്തിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പുനഃപരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | | അധ്യാപകരെ നിയമിക്കുന്നതിന് വകുപ്പ് തലത്തിൽ പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദേശ സർവകലാശാലകളിലെ പ്രഗത്ഭരായ കേരളീയരായ അദ്ധ്യാപകരുടെ വിജ്ഞാന സമ്പത്ത് പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ബ്രെയ്ൻ ഗെയ്ൻ പദ്ധതി യാഥാർത്ഥ്യമായിട്ടുണ്ടോ; | (സി) | ഉണ്ട്. Building up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കി വരുന്നത്. മഹാത്മാഗാന്ധി, കേരള, വെറ്റിനറി, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. |
| (ഡി) | നോബൽ സമ്മാന ജേതാക്കളുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പണ്ഡിതരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാൻ അവസരമൊരുക്കുന്ന രാജ്യത്തെ ആദ്യ പദ്ധതിയായ എറുഡൈറ്റ് സ്കോളർ-ഇൻ-റെസിഡെൻസ് പരിപാടിയെ കുറിച്ച് വിശദമാക്കുമോ? | (ഡി) | **എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി:-** സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനുമാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>വിദേശത്തുനിന്നും വിവിധ സർവ്വകലാശാലകളിലെ മറ്റ് ഗവേഷണ സ്ഥാപനങ്ങളിലുമായി പ്രവർത്തിക്കുന്ന നോബൽ ജേതാക്കൾ ഉൾപ്പെടെയുള്ള ശാസ്ത്രജ്ഞരെയും മറ്റ പ്രതിഭകളെയും സംസ്ഥാനത്തേക്കു ചെറിയ കാലയളവിലേക്ക് ക്ഷണിച്ചുകൊണ്ടു വന്ന് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഇടപഴകാനും അവിടങ്ങളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇവരുമായി സംയുക്ത ഗവേഷണ സാധ്യതകൾ പരസ്പര ആശയവിനിമയത്തിലൂടെ നടപ്പിലാക്കുവാനുമുള്ള ലക്ഷ്യത്തോടു കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.<br><br>ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച 330 ഓളം എറുഡൈറ്റ് സ്കോളർമാരുമായി ചേർന്ന് നിരവധി അക്കാദമിക പ്രൊജക്ടുകളും, പ്രബന്ധങ്ങളും, സംസ്ഥാനത്തെ സർവകലാശാല/ കോളേജ് അദ്ധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്. ഇത് കൂടാതെ നിരവധി അദ്ധ്യാപകർക്കും ഗവേഷകർക്കും വിദേശ സർവകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും സന്ദർശിക്കാനും/ സഹകരിക്കാനും അവസരം ഉണ്ടായി. |

സെക്ഷൻ ഓഫീസർ